# 111. ബ്രദർ ജോൺ മാഞ്ഞൂരാൻ

ശ്രീ ജോൺ മാഞ്ഞൂരാൻ പൗരോഹിത്യവൃത്തി സ്വീകരിച്ചുവെന്നു കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നിയില്ല. രണ്ടു കാരണങ്ങൾകൊണ്ടാണ് അതു്. ശ്രീ ജോൺ ജനറൽസെക്രട്ടറിയായിരുന്ന കേരള സോഷ്യലിസ്റ്റ് പാർട്ടി, ജോണിന്റെ കൂടുതൽ പ്രശസ്തനായ ജ്യേഷ്ഠസഹോദരൻ മത്തായി മാഞ്ഞൂരാൻ അന്തരിച്ചതോടെ, ഒരു രാഷ്ട്രീയപാർട്ടിയെന്ന നിലയിൽ യഥാർത്ഥത്തിൽ ഇല്ലാതായിട്ട് എത്രയോ വർഷങ്ങളായി. ആ പാർട്ടിയുടെ, ഞാൻ അറിയുന്ന ആദ്യകാലപ്രവർത്തകരെല്ലാം രാഷ്ട്രീയം വിട്ട് മററു തൊഴിലുകളിൽ പ്രവേശിച്ചും കഴിഞ്ഞു. ശ്രീ ജോൺ മഞ്ഞൂരാനും അങ്ങനെ ചെയ്തുവെങ്കിൽ അതു സ്വാഭാവികം മാത്രം. രണ്ടാമതു്, മത്തായി മാഞ്ഞൂരാനെ വളരെ അടുത്തും, അദ്ദേഹത്തിന്റെ ജ്യേഷ്ഠനായ ശ്രീ ചെറിയാൻ മാഞ്ഞൂരാനെയും അനുജനായ ശ്രീ ജോൺ മാഞ്ഞൂരാനെയും അല്പം അകന്നും, അറിയാവുന്ന എനിക്ക്, മാഞ്ഞൂരാൻ സഹോദരന്മാർ എന്തു പ്രവർത്തിച്ചാലും അതിൽ അത്ഭുതപ്പെടാൻ അവകാശമില്ല.

ശ്രീ ജോണിന്റെ അടുത്ത സഹപ്രവർത്തകനായിരുന്ന പി. എസ്. കഴിഞ്ഞയാണ്ടിൽ കൊല്ലത്തു വന്നപ്പോൾ, പഴയ കൂട്ടുകാരെപ്പററി സംസാരിച്ച കൂട്ടത്തിൽ ജോൺ മാഞ്ഞൂരാനും ചർച്ചാവിഷയമായി. നാല്പതുകളുടെ അവസാനത്തിൽ കേരളത്തിലെ രാഷ്ട്രീയം വിട്ട് മലയയിൽ എത്തിച്ചേർന്ന പി. എസ്. അവിടത്തെ വിദേശവകുപ്പിൽനിന്ന് റിട്ടയർചെയ്തു തിരിച്ചെത്തിയിരിക്കുകയാണ്. ശ്രീ ജോണിനെ ചെന്നു കാണാൻ അന്ന് പി. എസ്സിനു വലിയ ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹം പിന്നീട് അങ്ങനെ ചെയ്തുവോ എന്ന് അറിഞ്ഞുകൂടാ. ശ്രീ ജോണിന്റെ ജീവിതദർശനത്തിൽ വന്നുചേർന്ന പരിവർത്തനത്തെപ്പററി മനസ്സിലാക്കുവാൻ എനിക്കു താല്പര്യമുണ്ടായിരുന്നു. എങ്കിലും, അതിന് ഇതുവരെയും അവസരമുണ്ടായില്ല.

'വിശുദ്ധപാപി' (ഹോളി സിന്നർ) എന്ന തലക്കെട്ടിൽ, 'വീക്ക്' വാരികയുടെ ഫെബ്രുവരി 20—26 ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ലേഖനത്തിൽ ബ്രദർ ജോൺ മാഞ്ഞൂരാന്റെ ചിത്രം കൂടി ചേർത്തിരുന്നതു് എന്റെ ജിജ്ഞാസയെ ഉദ്ദീപിപ്പിച്ചു. ഈ ലേഖനം കേരളത്തിൽ എത്രപേരുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട് എന്നറിഞ്ഞുകൂടാ. ഏതായാലും മത്തായി മാഞ്ഞൂരാന്റെയും ശ്രീ ജോൺ മാഞ്ഞൂരാന്റെയും സഹപ്രവർത്തകരായിരുന്ന അനേകം ആളുകൾക്ക് അതിലെ വിവരങ്ങളിൽ താല്പര്യമുണ്ടാകുമെന്നതിൽ സംശയമില്ല.

ബ്രദർ ജോൺ മാഞ്ഞൂരാന് അടുത്ത ഏപ്രിലിൽ അറുപത്തെട്ട വയസ്സു തികയും. കഴിഞ്ഞ മെയ്മാസത്തിലാണ്, 'ആദ്ധ്യാത്മികജീവിതം നയിക്കുന്നതിനാഗ്രഹിച്ച്' ശ്രീ ജോൺ പൗരോഹിത്യം വരിച്ചതു്. എറണാകുളത്തു് കളമശ്ശേരിയിൽ എച്ച്. എം. ടി.യ്ക്കു് അടുത്തുള്ള 'മാർത്തോമ്മാ ഭവന'ത്തിൽ പ്രവർത്തിക്കുന്ന '(ബ്രദേഴ്സ് ഓഫ് ദി ഹോളി ക്രോസ്' ആയിരുന്നു അദ്ദേഹത്തിന് പൗരോഹിത്യദീക്ഷ നല്കിയതു്. പ്രായംചെന്നവർക്കു പൗരോഹിത്യ വിദ്യാഭ്യാസവും പുരോഹിതപ്പട്ടവും നൽകുന്നതിന് ഉദ്ദേശിച്ചു സ്ഥാപിക്കപ്പെട്ട 'വിശുദ്ധകുരിശിന്റെ സഹോദരന്മാർ' എന്ന ഈ സന്ന്യാസസഭ അടുത്തകാലത്തു മാത്രമേ ഇന്ത്യയിൽ പ്രവർത്തിച്ചുതുടങ്ങിയിട്ടുള്ളു. ആസ്ട്രേലിയയിലെ സെന്റ്

പീറേറഴ്സ് ബർഗ് ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന 'വിശുദ്ധ കുരിശിൻെറ സഹോദരന്മാർ'ക്ക് കേരളത്തിൽ ഒരു ശാഖ സ്ഥാപിച്ചതു് ഫാദർ ലോനപ്പൻ തട്ടിൽ എന്നൊരാളാണു്.

തൃശ്ശൂർ ജില്ലയിൽ അന്തിക്കാടു പ്രദേശത്തു്, പള്ളിവക ഒരു പ്രൈമറിസ്കൂളിൽ അദ്ധ്യാപകനായിരുന്നു ശ്രീ ലോനപ്പൻ. അദ്ദേഹത്തിൻെറ നീണ്ട താടിയും, കൂടെക്കൂടെയുള്ള പള്ളിസന്ദർശനവുംമൂലം നാട്ടുകാർ അദ്ദേഹത്തെ 'ലോനപ്പൻ പുണ്യവാളൻ' എന്നു വിളിച്ചുവന്നു. 1973 ഒക്ടോബറിൽ ശ്രീ ലോനപ്പൻ നാടുവിട്ടു. പലരുടെയും സഹായത്താൽ പഞ്ചാബിൽനിന്നു് അഫ്ഘാനിസ്ഥാനിലൂടെ ബസ്സിലും തീവണ്ടിയിലും യാത്രചെയ്തു് റോമിലെത്തി. താമസിയാതെ അദ്ദേഹം 'വിശുദ്ധകുരിശിൻെറ സഹോദരന്മാർ' എന്ന സന്ന്യാസസംഘടനയിൽ ചേർന്നു. അമ്പത്തിരണ്ടാം വയസ്സിൽ ജർമനിയിലെ സെയ്ൻറ് ബീഡ്സ് കോളേജിൽ പൗരോഹിത്യ വിദ്യാത്ഥിയായി. 1978 ജനുവരിയിൽ ശ്രീ ലോനപ്പനു് പൗരോഹിത്യം ലഭിച്ചു. രണ്ടു വർഷം കഴിഞ്ഞു് ഇന്ത്യയിൽ തിരിച്ചെത്തിയ ഫാദർ ലോനപ്പൻ, പ്രായം വൈകിയശേഷം പൗരോഹിത്യവൃത്തിയിലേക്കു തിരിയാനാഗ്രഹിക്കുന്നവർക്കുവേണ്ടിയുള്ള ഒരു സെമിനാരി കളമശ്ശേരിയിൽ ആരംഭിച്ചു. യൂറോപ്പിൽനിന്നാണു് അദ്ദേഹത്തിനു് ഇതിനുവേണ്ട ഉദാരമായ ധനസഹായം ലഭിച്ചതു്. അദ്ദേഹം കളമശ്ശേരിയിൽ പണിയിച്ച നാലുനിലക്കെട്ടിടം 1982 മേയ്മാസത്തിൽ പൂർത്തിയായി. കർദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനി അതു് അനുഗ്രഹിക്കുകയുംചെയ്തു. നൂറോളം അന്തേവാസികൾ ഈ സ്ഥാപനത്തിലുണ്ടായിരുന്നു.

ജോൺ മാഞ്ഞൂരാനെ ഒരു അന്തേവാസിയായി ചേർത്തപ്പോൾ അതിൻെറ ഭവിഷ്യത്തുകൾ ഫാദർ ലോനപ്പൻ അറിഞ്ഞിരുന്നില്ല. 'തൊഴിലാളിപ്രവത്തകനായ ആ രാഷ്ട്രീയക്കാരനെ ചേത്തതോടെയാണു് ഞങ്ങളുടെ കുഴപ്പങ്ങളെല്ലാം തുടങ്ങിയതു്'' എന്നു് അദ്ദേഹം ഈയിടെ 'വീക്ക്'' വാരികയോടു പറയുകയുണ്ടായി. ബ്രദർ ജോണിനു് പൗരോഹിത്യം നൽകി ഏറെ കഴിയുംമുമ്പു് ഈ സന്ന്യാസസഭയുടെ ആസ്ട്രിയൻ തലസ്ഥാനത്തിൽനിന്നു് ഫാദർ ഹെർമൺ എന്നൊരാൾ കളമശ്ശേരിയിലെത്തി. ഫാദർ ലോനപ്പൻെറ നടപടികളെപ്പററി, പ്രത്യേകിച്ചും സാമ്പത്തിക—ഇടപാടുകളെപ്പററി, ഫാദർ ഹെർമൺ അന്വേഷണം നടത്തി. ഇതിനിടയിൽ ഫാദർ ലോനപ്പൻ സ്വന്തം ജന്മസ്ഥലമായ അന്തിക്കാട്ടു് ഒരു ഇരുനിലക്കെട്ടിടമടക്കം കുറെ സ്വകാര്യസ്വത്തുക്കൾ സമ്പാദിച്ചിരുന്നു. പ്രായംചെന്ന സന്ന്യാസാത്ഥികളെ പ്രവേശിപ്പിക്കാൻ ഉദ്ദേശിച്ച നിർമിക്കപ്പെട്ട കളമശ്ശേരി മാർത്തോമ്മാഭവനിൽ ചെറുപ്പക്കാരെ പ്രവേശിപ്പിച്ചു എന്നതായിരുന്നുവത്രെ ഫാദർ ലോനപ്പൻെറ പേരിലുള്ള മറെറാരാരോപണം. ഫാദർ ഹെർമൺെറ അന്വേഷണത്തെത്തുടർന്നു് മാർത്തോമ്മാഭവൻെറ ഡയറക്ടർ എന്ന പദവിയിൽനിന്നു് ഫാദർ ലോനപ്പനെ മാററി. ഫാദർ വർഗീസ് എന്നൊരാളെ അവിടെ പ്രതിഷ്ഠിച്ചു. അവിടത്തെ ഏതാനും അന്തേവാസികളെ ബ്രസീലിലേക്കു് അയയ്ക്കുകയുംചെയ്തു. ഇപ്പോൾ മാർത്തോമ്മാഭവനത്തിൽ ഏകദേശം മുപ്പതു് അന്തേവാസികളേയുള്ളു. ഈ മാററങ്ങളൊന്നും ഫാദർ ലോനപ്പൻ അംഗീകരിച്ചിട്ടില്ല. തൻെറ മേലാളർ റോമിലാണെന്നും, അവരുടെ വിധിക്കു താൻ കാത്തുനിൽക്കുകയാണെന്നും അദ്ദേഹം 'വീക്ക്'' വാരികയോടു പറഞ്ഞുവത്രേ.

ബ്രദർ ജോൺ മാഞ്ഞൂരാനോ? ഫാദർ ലോനപ്പനെത്തുടർന്നു് മാർത്തോമാഭവനത്തിൻെറ ഡയറക്ടർ ആകുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്ന അദ്ദേഹം, മാർത്തോമാഭവനത്തിൻെറ ചെലവിൽ ഒരു നീണ്ട ആയുർവേദചികിത്സയ്ക്കുശേഷം ഇപ്പോൾ തിരുവനന്തപുരത്തു വിശ്രമിക്കു

കയാണ്.* കളമശ്ശേരിയിലെ കുഴപ്പങ്ങൾക്കെല്ലാം കാരണം ഫാദർ ലോനപ്പനാണ് എന്ന ബ്രദർ ജോണിന്റെ അഭിപ്രായം 'വീക്ക്' വാരിക റിപ്പോർട്ട്ചെയ്തിട്ടുണ്ട്.

(20 മാർച്ച്, 1983)

# 112. ഗാന്ധിയുടെ പ്രസക്തി

സർ റിച്ചാർഡ് ആറൻബറോ നിർമിച്ച 'ഗാന്ധി' എന്ന ഫിലിമിനെപ്പററി ഒട്ടേറെ വായിച്ചിട്ടും, എനിക്ക് അതിരുകടന്ന പ്രതീക്ഷകൾ ഉണ്ടായിരുന്നില്ല. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ധീരങ്ങളായ പരീക്ഷണങ്ങൾ നടത്തുകയും മനുഷ്യചിന്തയ്ക്കു മൗലികങ്ങളായ സംഭാവനകൾ നൽകുകയും ചെയ്ത മഹാത്മാഗാന്ധിയുടെ അനിർവചനീയമായ വ്യക്തിത്വത്തെ ഫിലിം എന്ന ദ്വിമാനമാദ്ധ്യമത്തിൽ എങ്ങനെ തളച്ചിടാനാണ്? കാലാതീതത്തെ മൂന്നു ഹ്രസ്വമണിക്കൂറുകൾകൊണ്ട് എങ്ങനെ ആവിഷ്കരിക്കാൻ? പരിസരബോധം ഉണ്ടായ കാലംമുതൽ, ഗാന്ധിയുടെ ഊഷ്മളചൈതന്യം ഞാൻ ശ്വസിച്ച അന്തരീക്ഷത്തിൽ നിറഞ്ഞുനിന്നിരുന്നു. എന്റെ തലമുറ ഏറെ വർഷങ്ങളോളം ഗാന്ധിയുടെ ഓരോ ചലനവും ശ്രദ്ധിക്കുകയും ഓരോ വാക്കിനും ചെവികൊടുക്കുകയും ചെയ്തുപോന്നു. ഗാന്ധിയെ ദിവസങ്ങളോളം അടുത്തുനിന്നു കാണാനും എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ട്. അദ്ദേഹം നയിച്ച സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ പങ്കുകൊള്ളാൻ കഴിഞ്ഞു എന്നതു് എന്റെ ജീവിതത്തിന്റെ ധന്യതയാണ്. ഭാവനയും യാഥാർത്ഥ്യവും ചേർന്ന് എന്റെ മനസ്സിൽ എന്നേ നിർമിച്ച ഗാന്ധിയുടെ സജീവമായ ജീവിതചിത്രത്തോട് സർ ആറൻബറോ നിർമിച്ച ഈ ഫിലിം ഒത്തിണങ്ങിപ്പോയില്ലെങ്കിൽ, അതിൽ ഞാൻ അത്ഭുതപ്പെടുമായിരുന്നില്ല. എത്രയെങ്കിലും കുറവുകൾ ഉണ്ടായിരിക്കാമെങ്കിലും നെടുനാളിലെ അർപ്പിതപരിശ്രമത്തിന്റെയും വൻതോതിലുള്ള ധനവ്യയത്തിന്റെയും ഫലമായി പുറത്തു വന്ന ഈ ചിത്രം ഓരോ ഭാരതീയനും കാണുകതന്നെ വേണമെന്നു ഞാൻ വിശ്വസിച്ചു. ഗാന്ധിസ്മരണ പുതുക്കുവാൻ പഴയ തലമുറയ്ക്കും, ഗാന്ധിയുഗത്തെപ്പററി അപൂർണമെങ്കിലും മൂർത്തമായ ഒരു സങ്കല്പം രൂപവത്കരിക്കുവാൻ പുതിയ തലമുറയ്ക്കും ഈ ചിത്രം ഉതകുമെന്നായിരുന്നു എന്റെ പ്രതീക്ഷ.

സർ ആറൻബറോ എന്നെ ഒട്ടും നിരാശപ്പെടുത്തിയില്ല. ആവിഷ്കരിക്കാൻ താൻ തെരഞ്ഞെടുത്ത വിഷയത്തോട് അദ്ദേഹം തികച്ചും നീതി പുലർത്തുകതന്നെചെയ്തിട്ടുണ്ട് എന്ന് എനിക്കു ബോദ്ധ്യമായി. ഗാന്ധി എന്ന സത്യാന്വേഷകന്റെ ബഹുപ്രഭമായ ജീവിതത്തിന്റെ ഒരു തലത്തെ, അഥവാ ഒരു മാനത്തെ, മാത്രമേ ഈ സിനിമാനിർമാതാവു് തന്റെ കലാശില്പത്തിൽ ആവിഷ്കരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളു. സ്വാതന്ത്ര്യസമരസേനാനിയായ ഗാന്ധിയാണ് ആറൻബറോവിന്റെ ചിത്രത്തിലെ നായകൻ.

ഞങ്ങൾക്കു പരിചിതനായ ഗാന്ധിയുടെ പ്രവർത്തനമണ്ഡലത്തിന്റെ ഒരു ചെറിയ ഖണ്ഡം മാത്രമായിരുന്നു പക്ഷേ, രാഷ്ട്രീയം. ഗാന്ധിയെ ഞങ്ങൾ വീക്ഷിച്ചിരുന്നതു് എല്ലാററിലുമുപരി ഒരു 'വിമോചകൻ' ആയാണ്. തന്റെ ആയുസ്സിന്റെ വളരെ വലിയ ഒരു ഭാഗം ഹരിജന

* പിന്നീട് താമസിയാതെ അദ്ദേഹം നിര്യാതനായി.